# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5097 20/07/2015 ൽ മറുപടിക്ക്

## ആർ.എം.എസ്.എ.പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ എത്ര യു.പി. സ്കൂളുകൾ ആർ.എം.എസ്.എ പദ്ധതിയിലുൾപ്പെടുത്തി കഴിഞ്ഞ 4 വർഷത്തിനുള്ളിൽ ഹൈസ്കൂളുകളാക്കി ഉയർത്തിയിട്ടുണ്ട് എന്ന് അവയുടെ പേരും ജില്ലയും സഹിതം വ്യക്തമാക്കാമോ ; | എ) ആർ.എം.എസ്.എ പദ്ധതി പ്രകാരം 2011-12 വാർഷിക പദ്ധതിയിൽ 16 യു.പി.സ്കൂളുകൾ ഹൈസ്ക്കൂളുകളായി ഉയർത്തിയിട്ട് (പ്രസ്തുത സ്കൂളുകൾ 2013-14 അദ്ധ്യയന വർഷം ഹൈസ്ക്കൂളുകളായി പ്രവർത്തനം ആരംഭിച്ചു). ജില്ല തിരിച്ചുള്ള സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| ബി) ആർ.എം.എസ്.എ പദ്ധതിപ്രകാരം ഹൈസ്കൂളുകളാക്കി ഉയർത്തപ്പെട്ട സ്കൂളുകളിൽ ഹൈസ്കൂൾ പ്രവർത്തിക്കാനാവശ്യമായ കെട്ടിട സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പദ്ധതി പ്രകാരമുള്ള സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കുന്നതിനായി 35 ലക്ഷം രൂപ വീതം അനുവദിക്കണമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ സ്കൂളുകളിൽ ഇതിനായി ഫണ്ടനുവദിച്ചിട്ടുണ്ട് ; ബാക്കി സ്കൂളുകൾക്ക് ഫണ്ടനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 58.12 ലക്ഷം രൂപയാണ് ഓരോ സ്കൂളിനും പദ്ധതി പ്രകാരം ലഭ്യമാക്കുന്നത്. അതിൽ ആദ്യ ഘട്ടത്തിൽ അനുവദിച്ച 60 സ്കൂളുകളിൽ 57 സ്കൂളുകൾക്ക് 40 ലക്ഷം രൂപ വീതവും ആർ.എം.എസ്.എ പദ്ധതിയിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്. രണ്ടും മൂന്നും ഘട്ടത്തിൽ അനുവദിച്ച 52 (36+16) സ്കൂളുകൾക്ക് തുക കേന്ദ്ര സർക്കാർ അനുവദിച്ചത് 2015-16 സാമ്പത്തിക വർഷത്തിലാണ്. കെട്ടിട നിർമ്മാണപ്രവർത്തനം ഈ അദ്ധ്യയന വർഷം തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| സി) പ്രസ്തുത സ്കൂളുകൾക്ക് അടിയന്തരമായി കെട്ടിടം നിർമ്മിച്ച നൽകാൻ എന്തൊക്കെ നടപടികൾ | സി) കെട്ടിട നിർമ്മാണം ആരംഭിക്കാത്ത 52 (36+16) സ്കൂളുകളുടെ കെട്ടിട നിർമ്മാണപ്രവർത്തനം ഈ അദ്ധ്യയന വർഷം തുടങ്ങുന്നതിനുള്ള |

| | | | |
|---|---|---|---|
| | സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | | പ്രാരംഭനടപടികൾ ആരംഭിച്ചു കഴിഞ്ഞു. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് കേന്ദ്ര സർക്കാർ വകയിരിത്തിയിട്ടുള്ള 58.12 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ബാക്കി തുക തദ്ദേശ സ്വയം ഭരണ സ്ഥാപനം വഴി ലഭ്യമാക്കി പണി പൂർത്തീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാ ർ പരിശോധിച്ചുവരികയാണ്. |
| ഡി) | ഉയർത്തപ്പെട്ട ഇത്തരം സ്കൂളുകളിൽ ഹൈസ്കൂൾ വിഭാഗത്തിൽ പ്രഥമാദ്ധ്യാപകരോ അദ്ധ്യാപകരോ ഒരു അദ്ധ്യയനവർഷത്തിൽ പൂർണ്ണമായി ഇല്ലാത്തത് വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അദ്ധ്യാപകരെ ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നത് അതാത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ്. ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ പുനർ വിന്യാസത്തിലൂടെയും വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിലും പ്രൊട്ടക്റ്റഡ് വ്യവസ്ഥയിലും നിയമിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ വഴി വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടു ണ്ട്. |

സെക്ഷൻ ഓഫീസർ